ചേലക്കര നിയോജകമണ്ഡലത്തിലെ തകർന്ന റോഡുകൾ പുനരുദ്ധരിക്കുവാൻ നടപടി

273 [2329] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അടുത്തകാലത്തുണ്ടായ അതിശക്തമായ കാലവർഷ കെടുതികളിൽ ചേലക്കര നിയോജക മണ്ഡലത്തിലെ പല റോഡുകളും തകർന്ന് ഗതാഗതയോഗ്യമല്ലാതായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എത്രയും വേഗം തകർന്ന റോഡുകൾ പുനരുദ്ധരിച്ച് ഗതാഗതയോഗ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പതയന്നൂർ റോഡ് കി. മീ. 7,17.
2. ലക്കടി റോഡ് കി. മീ. 1/000.
3. ചേലക്കര-ഇളനാട് റോഡ് കി. മീ. 4,7,8,9,10,11.
4. പതയന്നൂർ-ഇളനാട് റോഡ് കി. മീ. 9/000.
5. കീരക്കുഴി പാലം.
6. പൈങ്കുളം പാലം.
7. ചെറുതുരുത്തി-കിള്ളിമംഗലം റോഡ് കി. മീ. 8,9.
8. കൊണ്ടയൂർ റോഡ് കി.മീ. 3.

(സി) സ്വീകരിച്ചുവരുന്നു.

റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കാൻ നടപടി

274 [2330] ശ്രീ. ബി. വിജയകുമാർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ല്യു. ഡി. റോഡുകൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നഗരത്തിലെ പെട്ടെന്ന് കേടുവരാൻ സാദ്ധ്യതയുള്ള പി. ഡബ്ല്യു. ഡി. റോഡുകൾ റബ്ബറൈസ് ചെയ്യാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ;

(സി) വളവുകൾ ഉള്ള സ്ഥലങ്ങളിൽ റോഡ് പെട്ടെന്ന് കേടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) ഇത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) നിലവിൽ ലഭ്യമായ നാച്ചുറൽ റബർ modified bitumen (NRMB) ഉപയോഗിച്ച് റോഡ് ഉപരിതലങ്ങൾ പുതുക്കി വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി ആന്റ് ഇ) വാഹനങ്ങൾ വളവു ഭാഗങ്ങളിൽ തിരിഞ്ഞുപോകുന്നതിനുള്ള സ്ഥലത്തിന്റെ പരിമിതിമൂലം ബ്രേക്ക് ചവിട്ടുമ്പോൾ ഓയിലിന്റെ അംശം റോഡിൽ വീഴുന്നതുമൂലവും ടയറിന്റെ ഉരസൽമൂലവും വളവു ഭാഗങ്ങൾക്ക് കേട് സംഭവിക്കാറുണ്ട്. ഇത് പരിഹരിക്കുന്നതിനു വേണ്ടി വളവുകൾ നിവർക്കുകയും സൂപ്പർ എലിവേഷൻ ശരിയായ രീതിയിൽ ആക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്.

കാസർഗോഡ് ജില്ലയിൽ പണി പൂർത്തീകരിച്ച റോഡുകളും പാലങ്ങളും

275 [2331] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മുൻ ഗവൺമെന്റുകളുടെ കാലത്ത് തുടങ്ങിയ എത്ര റോഡുകളും പാലങ്ങളും പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും എന്ത് തുക പ്രസ്തുത ഓരോ പദ്ധതിക്കും ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ പൊതുമരാമത്തിന്റെ കീഴിലുള്ള ഏതെല്ലാം പ്രവർത്തികൾക്ക് ഗവൺമെന്റ് ഭരണാനുമതി നൽകിയെന്നും അവ ഏതെല്ലാമാണെന്നും അതിന് ഓരോന്നിനും എന്തു തുക വീതം ചെലവാകുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പണി പൂർത്തീകരിച്ചിട്ടുണ്ട്;

(ഡി) ബാക്കിയുള്ള പദ്ധതികൾ എന്നത്തേക്കു പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly